**FRIDAY SERMON / വെള്ളിയാഴ്ച ഖുത്ത്ബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**30 November 2018**

**21 Rabi'ul Awwal 1440 AH**

**(In Kottar, Tamil Nadu – India)**

# "The Revival of Islam".
# ഇസ്ലാമിലെ പുനരുദ്ധാരണം/ ആത്മീയ ഉണർച്ച

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഇസ്ലാമിലെ പുനരുദ്ധാരണം/ ആത്മീയ ഉണർച്ച** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്ത്ബ ആരംഭിക്കുക യുണ്ടായി.

അപ്പോൾ നാം പറഞ്ഞു നിങ്ങളെല്ലാവരും അവിടെ നിന്ന് ഇറങ്ങിപ്പോകു (ഓർക്കുക) പിന്നീട് എപ്പോഴെങ്കിലും നിങ്ങളുടെയടുക്കിൽ എന്നിൽ നിന്നുള്ള മാർഗദർശനം വരികയാണെങ്കിൽ, അപ്പോൾ ആര് എന്റെ മാർഗ ദർശനത്തെ പിന്തുടരുന്നുവോ, അവർക്ക് (ഭാവിയെപ്പറ്റി) യാതൊരു ഭയവു മുണ്ടാകുന്നതല്ല. അവർ (കഴിഞ്ഞതിനെപറ്റി) വ്യസനിക്കുന്നതുമല്ല(2 : 39)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഇൻഡ്യയിലെ തമിഴ്നാട്ടിലെ കോട്ടാറിൽ എന്റെ അനുചരന്മാരെ അഭിസംബോധന ചെയ്ത് ഇസ്ലാമിലെ പുനരുദ്ധാരണം എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്.

വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു. എന്നിൽ നിന്നുള്ള മാർഗദർശനം വരികയാണെങ്കിൽ, അത് പിന്തുടരുന്നവർക്ക് ഭയപ്പെടുവാനും ഒന്നുമില്ല, വിഷമിക്കുവാനും, ഒന്നുമില്ല.

ആകാശഭൂമിയും മനുഷ്യനും സൃഷ്ടിച്ച കാലം മുതൽ അല്ലാഹു(ത) വീണ്ടും വീണ്ടും നൂറ്റാണ്ടുകൾ തോറും, തന്റെ വചനവുമായി മനുഷ്യരെ നേർവഴിയിൽ നടത്തുവാൻ, തന്റെ പ്രതിനിധികളെ നിയോഗിച്ചിട്ടുണ്ട്.

എന്തിനാണ് ദൈവം തന്റെ പ്രതിനിധികളെ ഇങ്ങനെ തെരഞ്ഞെടുത്തയച്ചിട്ടുള്ളത്? കാരണം, കാലം മുന്നോട്ടു കുതിക്കുമ്പോൾ സാത്താനും അവന്റെ സൈന്യവും നേർവഴിയിൽ നിന്നും മനുഷ്യനെ വഴിതെറ്റിക്കും- അഥവാ നേർവഴിയിൽ നിന്നും പിന്തിരിപ്പിക്കുവാൻ അവൻ പരിശ്രമിക്കും. അപ്പോൾ അല്ലാഹു(ത) അവരെ രക്ഷിക്കുവാനായി, ആത്മീയ മരണത്തിൽ നിന്നും കരകയറ്റുവാനായി അവന്റെ പ്രത്യേക ആളുകളെ / ദൂതന്മാരെ നിയോഗിക്കുന്നു. ദൈവീക വെളിപാടുകളുമായി, മാർഗദർശനവുമായി അവർ എത്തുന്നു. സാത്താന്റെ കെണിയിൽ അകപ്പെടാതിരിക്കുവാനുള്ള മുന്നറിയിപ്പുമായി, ശരിയായ വഴി കാണിക്കുവാനായി അവർ നിയോഗിതരാകുന്നു.

ഈ നേർപാത പ്രാഥമികമായി തൗഹീദ് ആകുന്നു. അതായത് അല്ലാഹുവിന്റെ ഏകത്വവും തഖ്‌വയും ! അതായത് അല്ലാഹുവിലുള്ള ഭയം! അവർ ഏകദൈവത്തിൽ അടിയുറച്ചുനിന്നാൽ, തഖ്‌വിയിലധിഷ്ഠിതമായി നിലകൊണ്ടാൽ, സാത്താനും സാത്താന്റെ ആകർഷണവലയവും അവനിൽ ഒരു സ്വാധീനവും ചെലുത്തുകയില്ല.

ഇത് അല്ലാഹു(ത)യുടെ സുന്നത്താകുന്നു. അല്ലാഹു(ത) അവന്റെ പ്രതിനിധികളെ മാർഗദർശനവുമായി ലോകത്ത് നിയോഗിക്കുക. എന്നിട്ട് ജനങ്ങളെ സംസ്‌ക്കരിക്കുക, എന്നിട്ട് അവനെ മാത്രമെ ആരാധിക്കാവൂ എന്ന് പഠിപ്പിക്കുക. അങ്ങനെ നേർവഴിയിൽ നടത്തുക. അതേസമയം, സാത്താനും അവന്റെ സൈന്യവും എല്ലാവിധ മാർഗങ്ങളും അവലംബിച്ച് മനുഷ്യമനസ്സുകളിലും ആത്മാക്കിലും വിഷം കലർത്തി മലിനമാക്കാനുള്ള ശ്രമം തുടരുന്നതുമാകുന്നു. പ്രസ്തുത ദൈവനിയോഗിതരെ, പരിഷ്ക്കർത്താക്കളെ വിശ്വാസിക്കാതിരിക്കുവാനുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതുമാണ്. ഇതിലൂടെ അല്ലാഹുവിന്റെ സമ്പൂർണ്ണാധികാരത്തെ പരിഹസിക്കുകയാണ് ചെയ്യുന്നത്. ദൈവീക വഴിയെയും ദൂതന്മാരെയും നിന്ദിക്കലാണവർ ലക്ഷ്യമിടുന്നത്.

ഇപ്പോൾ നോക്കൂ! നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, പരിശുദ്ധമായ ഇസ്ലാം മതത്തിലെ വിശ്വാസികൾ എന്നനിലയിൽ, അല്ലാഹുവിന് രണ്ടു തരത്തിലുള്ള പ്രവാചകന്മാർ,ദൈവദൂതന്മാർ ലോകത്തു വന്നിട്ടുണ്ട്

എന്ന് നമുക്കറിയാം. ഒന്ന് നിയമസംഹിതയുള്ള പ്രവാചകന്മാർ, രണ്ട് നിയമസംഹിതയില്ലാത്ത പ്രവാചകന്മാർ.

ഇപ്പോൾ നോക്കൂ! നിയമവാഹകർ കൊണ്ട് ഞാൻ അർത്ഥമാക്കുന്നത് അല്ലാഹുവിൽ നിന്ന് വന്ന ചില പ്രവാചകന്മാർ അവർക്ക് ജനങ്ങൾ പിന്തുടരേണ്ടുന്ന നിയമങ്ങൾ നല്കി. അതവർ പിന്തുടരേണ്ടതാണ്. ഈ നിയമങ്ങൾ അവർ എഴുതി രേഖപ്പെടുത്തി വെച്ചു. അങ്ങനെ അത് അനുസരിച്ച് അവർക്ക് പ്രവർത്തിക്കാവുന്നതാണ്. ഇപ്രകാരം നല്കിയ ദൈവീക നിയമ ഗ്രന്ഥങ്ങളിൽ, ഇന്ന്, വിശുദ്ധഖുർ ആനാണ്, എന്നന്നേക്കുമായി സമ്പൂർണ്ണമായി നല്കിയിട്ടുള്ളത്. ഇത് സമ്പൂർണ്ണ വെളിപാട് ഗ്രന്ഥമാകുന്നു. ഇത് നമ്മുടെ കാലത്തേക്കും സമ്പൂർണ്ണമായി നിലകൊള്ളുന്നതാകുന്നു. കാലം അവസാനിക്കുന്നതുവരേക്കും സമ്പൂർണ്ണമായി നിലകൊള്ളുന്നതുമാകുന്നു.അൽഹംദുലില്ലാഹ് ! മുമ്പുകഴിഞ്ഞു കടന്ന എല്ലാ ദൈവീക ഗ്രന്ഥങ്ങൾക്കും മീതെ ഇതിനെ സമ്പൂർണ്ണമാക്കിയിരിക്കുന്നു. (ഉദാഹരണമായി) ദാവൂദ് നബിക്ക് നല്കിയ സബൂറിനേക്കാളും മൂസാനബിക്ക് നല്കിയ തൗറാത്തിനേക്കാളും, ഈസാനബിക്ക് നല്കിയ ഇഞ്ചീലിനെക്കാളും, വിശുദ്ധഖുർആനെ സമ്പൂർണ്ണമാക്കിയിരിക്കുന്നു, എന്ന് വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നു.

സമ്പൂർണ്ണ ഗ്രന്ഥത്തോടൊപ്പം, സമ്പൂർണ്ണ മനുഷ്യൻ അല്ലാഹുവിന്റെ സമ്പൂർണ്ണ പ്രവാചകൻ, ഹസ്രത് മുഹമ്മദ് (സ)യും ആഗതരായി. ഇസ്ലാമിന്റെ സത്തകുടികൊള്ളുന്നത്, പരിശുദ്ധവും, നിഷ്ക്കളങ്കവുമായ ഒരു ഹൃദയത്തിലാണ്. പ്രസ്തുത ഹൃദയം അല്ലാഹുവിന്റെ സാമീപ്യവും സ്നേഹവും കാംഷിക്കുന്നതുമായിരിക്കും. നമ്മുടെ പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) ലോകാവസാനം വരെയും ഈ സമ്പൂർണ്ണപദവിയിൽ, ഇതേ അവസ്ഥയിൽ നിലകൊള്ളുന്നവരായിരിക്കും.

മുഹമ്മദ് മുസ്തഫാ (സ)യുടെ കാലത്ത് ഇസ്ലാമിനുണ്ടായ പ്രസ്തുത പ്രഥമ അഭിവൃദ്ധി മുതൽ, ഇസ്ലാം അതിന്റെ ചരിത്രത്തിൽ അനേകം ഉയർച്ചയ്ക്കും താഴ്ചയ്ക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. എപ്പോഴൊക്കെ ഇസ്ലാമിന്റെ പവിത്രതയ്ക്കു കോട്ടം തട്ടിയിട്ടുണ്ടോ അപ്പോഴൊക്കെ അല്ലാ

ഹു(ത) പരിഷ്ക്കർത്താക്കളെ, വിശ്വാസ സംരക്ഷകരെ, ഖലീഫമാരെയും, നിയോഗിച്ചിട്ടുണ്ട്. വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ)നെയും കഴിഞ്ഞ നൂറ്റാണ്ടിലും നിയോഗിച്ചിട്ടുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഇസ്ലാമിനെ നവീകരിക്കുവാൻ ഒരു പുതിയ ലോകക്രമം വീണ്ടെടുക്കുവാൻ, മറ്റെല്ലാ വിശ്വാസങ്ങളുടെയും മേൽ വിജയക്കൊടി നാട്ടുവാൻ, മറ്റുള്ളവയൊക്കെ അല്ലാഹുവിന്റെ പിന്താങ്ങൽ നഷ്ടപ്പെട്ടതായി തീർന്നതാണ്.

അതുപോലെ, ഈ നൂറ്റാണ്ടിൽ, അല്ലാഹു(ത) അവനിൽ നിന്നും ഒരാളെ നിയോഗിച്ച്, ഈ ലോകത്തെ അനുഗ്രഹിച്ചിരിക്കുകയാണ്. ഈ വിനീതനെ! അല്ലാഹുവിന്റെ ഖലീഫയായി നിയോഗിച്ചിരിക്കുന്നു. ഈ നൂറ്റാണ്ടിലെ മസീഹ് ആയി നിയോഗിച്ചിരിക്കുന്നു. മുജദ്ദിയായി നിയമിച്ചിരിക്കുന്നു. അവനിഷ്ടപ്പെട്ട മറ്റനേകം പദവികളും എനിക്ക് നല്കിയിരിക്കുന്നു. ഇസ്ലാമിനെ കൂടുതൽ ശക്തിപ്പെടുത്തുവനായി, മുസ്ലിംകളെയും മറ്റുള്ളവരെയും ഇസ്ലാമിന്റെ സത്യത്തെയും അതിന്റെ സത്യതയെയും, മറ്റു മതങ്ങളുടെ മേലുള്ള അതിന്റെ മഹിമയേയും, ബോധ്യപ്പെടുത്തുന്നുന്നതിനായി.

തീർച്ചയായും അല്ലാഹുവിന്റെ വീക്ഷണത്തിൽ ഇസ്ലമാണ് യഥാർത്ഥ മതം. അല്ലാഹുവിന്റെ എല്ലാ പ്രവാചകന്മാരും മുസ്ലിംകളായിരുന്നു. അതായത് അവരെല്ലാം അല്ലാഹുവിനായി, അവന്റെ ഇച്ഛയ്ക്കായി അവന്റെ മുമ്പിൽ സകലതും സമർപ്പിച്ചവരായിരുന്നു.അവരെല്ലാം പ്രബോധിച്ചത് ഏകദൈവ വിശ്വാസവും ഏകദൈവാരാധനയുമായിരുന്നു. പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ)യുടെ ആഗമനത്തോടെയാണ്, അല്ലാഹു (ത) അവന്റെ മതത്തിന് ഒരു പേര് നല്കുവാൻ തീരുമാനിച്ചത്. അങ്ങനെയാണ് പ്രസ്തുത ദീനിനെ ഇസ്ലാം എന്ന് നാമകരണം ചെയ്തത്.

എന്റെ പ്രിയരെ നിങ്ങളെല്ലാവരും എപ്പോഴും ഓർക്കുക, ആത്മീയ രംഗത്ത് അപകടങ്ങൾ എന്നെന്നും നിലവിലുണ്ടായിരിക്കും. അല്ലാഹുവിന്റെ അനേകം പ്രവാചകന്മാർ മനുഷ്യനെ വഴികാണിക്കുവാനായി വരാവുന്നതാണ്. ഈ ക്ഷണവും സംസ്ക്കരണവും തഖ്വയിലധിഷ്ഠിതമായിരിക്കണം. കൂടുതൽ നന്മയ്ക്കായി ഹൃദയം ദാഹിച്ചുകൊണ്ടിരിക്കണം. ഒരാൾ പറയു

ന്നതിൽ എന്തു പ്രയോജനമാണുള്ളത്? അയാൾ അല്ലാഹുവിൽ വിശ്വസിക്കുന്നു എന്നു പറയുക, ഇസ്ലാമിന്റെ എല്ലാ കല്പനകളിലും വിശ്വസിക്കുന്നു എന്നു പറയുക, അവന്റെ കാലത്തിലെ ദൂതനെയും വിശ്വസിക്കുന്നു എന്നു പറയുക, എന്നാൽ അവൻ കൂടുതൽ നന്മയ്ക്കായി, അവനിൽ ഒരു പ്രയത്നവും ചെയ്യുന്നില്ലെങ്കിൽ, ഒരു നല്ല മുസ്ലിമായി തീരുവാൻ ഒന്നും ചെയ്യുന്നില്ലെങ്കിൽ (ഈ പറച്ചിൽ കൊണ്ട് എന്തു പ്രയോജനം!)

ഒരാൾക്ക് പറയാൻ വളരെ എളുപ്പമാണ്. ഞാൻ ഖലീഫത്തുല്ലാഹ് യിൽ വിശ്വസിക്കുന്നു. എന്ത്! പക്ഷേ നിങ്ങൾ മനസ്സിലാക്കണം. ഈ ഖലീഫത്തുല്ലാഹ് ! ഈ വിനീതൻ, നിങ്ങളുടെ ജീവിതം നന്നാക്കുവാൻ  വന്നവനാണ്. ഇസ്ലാമിക ജീവിതം നിങ്ങളെ കാണിച്ചു തരുവാനാണ് ഞാൻ സമാഗതനായത്. അല്ലാഹുവിനായി സത്യസന്ധമായി ജീവിതം സമർപ്പിക്കുക. സമാനതകളില്ലാത്ത ദൈവസന്നിധിയിൽ! നിങ്ങളിൽ ഒരു മാറ്റത്തിനു സ്വയം ശ്രമിക്കുന്നതിലൂടെയാണ് ഇസ്ലാമിന്റെ നവോത്ഥാനം ഉണ്ടാകുന്നത്. വിശ്വാസവും പ്രവർത്തിയും ചേർന്നുപോകണം. പ്രീയരെ ഈ ആന്തരിക സംസ്ക്കരണമാണ് മൂലധനം. ഇസ്ലാമിന്റെ നാളത്തെ വിജയത്തിന് ഇത് വളരെ പ്രാധാന്യമർഹിക്കുന്നതാണ് എന്ന് തിരിച്ചറിയുക.

ആയതിനാൽ, എന്റെ വീനിതമായ ഉപദേശം ഇതാണ് നിങ്ങൾ ഇന്നു മുതൽ തന്നെ നിങ്ങളുടെ സ്വയം സംസ്ക്കരണത്തിന് തുടക്കമിടുക. എങ്കിൽ തീർച്ചയായും നാമോരോരുത്തരും-നമുക്കൊരുമിച്ച് - സുവർണ്ണനാളെയ്ക്ക് സാക്ഷികളാകാൻ കഴിയും. ഇസ്ലാമിക സൂര്യൻ ആകാശനെറുകയിൽ ഉയർന്നു ഉദിക്കട്ടെ! യാഥാർത്ഥമായ ദൈവഭക്തിയാലും വിശ്വാസത്താലും! !ഇൻശാ അല്ലാഹ് ! ആമീൻ

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*